ഗൾഫിൽ മരണമടഞ്ഞ പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം

60 (7357) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗൾഫിൽ ജോലിയിലിരിക്കെ മരണമടഞ്ഞ പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനകം എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഗൾഫിൽ ജോലിയിലിരിക്കെ മരണമടഞ്ഞ പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം അനുവദിക്കുന്ന പദ്ധതികളൊന്നും നോർക്ക വകുപ്പ് ആവിഷ്ക്കരിച്ചിട്ടില്ല.

നഗരജ്യോതി പദ്ധതി

61 (7358) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ നഗരജ്യോതി പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഇതിന്റെ പൈലറ്റ് പ്രോജക്ട് സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) എല്ലാ നഗരങ്ങളിലേക്കും ഇത് വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് നഗരങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിന് 'നഗരജ്യോതി' എന്ന പേരിൽ ഒരു പദ്ധതിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly